ഇ.എം.(1) 60526/2012

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 28-2-2013.

E-mail - keralarcs.coop@kerala.gov.in
Websit - www.cooperation.kerala.gov.in
Tel. No. - 0471 – 2330726.

## സർക്കുലർ നമ്പർ: 11 /2013

വിഷയം- സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് മൂന്ന് ശതമാനം പ്രാതിനിധ്യം ഉറപ്പു വരുത്തുന്നത്- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന- സഹകരണ സംഘം രജിസ്ട്രാറുടെ 14-7-2011-ലെ 54/2011-ാം നമ്പർ സർക്കുലർ.

***

കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 80 ഉപവകുപ്പ് (5) പ്രകാരം ഓരോ സഹകരണ സ്ഥാപനത്തിലെയും ആകെയുള്ള തസ്തികകളുടെ 3% ശാരീരിക വൈകല്യമുള്ള വ്യക്തികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാറുടെ 54/2011-ാം നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സംവരണ വ്യവസ്ഥ പാലിക്കുന്നതിനായി ഒഴിവുകൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, സഹകരണ സർവ്വീസ് പരീക്ഷ ബോർഡ് എന്നിവിടങ്ങളിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഈ ആഫീസിൽ നിന്നും നിരവധി കത്തുകൾ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പല സഹകരണ സ്ഥാപനങ്ങളും മേൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 80- ഉപവകുപ്പ് (5) പ്രകാരം ശാരീരിക വൈകല്യമുള്ള വ്യക്തികൾക്കായി സംവരണം ചെയ്തിട്ടുള്ള 3% ഒഴിവുകൾ, സൂചന സർക്കുലറിലെ നിർദ്ദേശ പ്രകാരം നിർണ്ണയിക്കേണ്ടതും, പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ട് നിയമനം നടത്തേണ്ട അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും മേൽ പ്രകാരമുള്ള ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനും, സഹകരണ സർവ്വീസ് പരീക്ഷാബോർഡ് മുഖേന നിയമനം നടത്തേണ്ട സംഘങ്ങളിലെയും/ബാങ്കുകളിലെയും മേൽപ്രകാരം നിർണ്ണയിച്ച ഒഴിവുകൾ സഹകരണ സർവ്വീസ് പരീക്ഷ ബോർഡിനും അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതും സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ ഭരണസമിതി നേരിട്ട് നിയമനം നടത്തേണ്ട തസ്തികകളിലെ മേൽ പ്രകാരം നിർണ്ണയിച്ച ഒഴിവുകളിൽ നേരിട്ട് നിയമനം നടത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ഭരണസമിതികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

2) മേൽ പ്രകാരമുള്ള നിർദ്ദേശങ്ങളിന്മേൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ/സ്ഥാപനങ്ങൾ സ്വീകരിച്ച നടപടി വിവരം ടി സംഘങ്ങളിലെ/ ബാങ്കുകളിലെ/ സ്ഥാപനങ്ങളിലെ

ചീഫ് എക്സിക്യൂട്ടീവ് യഥാസമയം ബന്ധപ്പെട്ട ജില്ലാ ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാറെയും സഹകരണ സംഘം രജിസ്ട്രാറെയും അറിയിക്കേണ്ടതാണ്.

3) കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 80 ഉപവകുപ്പ് (5) പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ സഹകരണ സംഘങ്ങൾ/ബാങ്കുകൾ/സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടെന്ന് ടി സംഘങ്ങളിലെ/ബാങ്കുകളിലെ/സ്ഥാപനങ്ങളിലെ ആഡിറ്റർമാർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

4) ഏതെങ്കിലും സഹകരണ സംഘങ്ങൾ/ബാങ്കുകൾ/സ്ഥാപനങ്ങൾ സഹകരണ നിയമം പ്രകാരം പാലിക്കേണ്ട സംവരണ വ്യവസ്ഥകൾ പാലിക്കുന്നതിന് മനപൂർവ്വം വീഴ്ച വരുത്തുന്ന പക്ഷം ടി സംഘങ്ങൾക്ക്/ബാങ്കുകൾക്ക്/സ്ഥാപനങ്ങൾക്ക് എതിരെ നിയമാനുസൃത നടപടി ബന്ധപ്പെട്ട ജില്ലാ ഭരണവിഭാഗം ജോയിന്റ് രിസ്ട്രാർമാർ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
കെ.വി. സുരേഷ്ബാബു
സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

<u>പകർപ്പ്-</u>

1. മാനേജിംഗ് ഡയറക്ടർ, എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങൾക്കും
2. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
3. എല്ലാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും/സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
4. ആഡിറ്റ് ഡയറക്ടർ
5. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
6. എല്ലാ ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർക്കും
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ)മുഖേന).
8. സഹകരണ സംഘം രജിസ്ട്രാറുടെ മേശമേൽ
9. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും, സെക്ഷൻ സൂപ്രണ്ടുമാർക്കും
10. ഐ.റ്റി. ഡിവിഷൻ, സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
11. എഡിറ്റർ, സഹകരണവീഥി
12. സ്റ്റോക്ക് ഫയൽ
13. സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എം)